# ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ

www.cuonline.ac.in സന്ദർശിക്കുക

**സെൻട്രലൈസ്ഡ് അഡ്മിഷൻ പ്രോസസ്സ് മുഖാന്തരമുള്ള ഒന്നാം വർഷ ഡിഗ്രി അഡ്മിഷൻ *രണ്ട്* ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്.**

**ഒന്നാം ഘട്ടം** രജിസ്ട്രേഷന് മൂന്ന് സ്റ്റെപ്പുകൾ ഉണ്ട്.

1. ഫീസ് അടയ്ക്കുക. (ഓൺലൈൻ വഴി മാത്രം)
2. ഫോട്ടോ അപ് ലോഡ് ചെയ്യുക.
3. വ്യക്തിഗത വിവര സമർപ്പണം.
   a) പ്രാഥമിക രജിസ്ട്രേഷൻ
   b) വ്യക്തിഗത വിവരങ്ങൾ
   c) വെയ്റ്റേജ് കാറ്റഗറി സമർപ്പണം.

**രണ്ടാം ഘട്ടം** രജിസ്ട്രേഷന് രണ്ട് സ്റ്റെപ്പുകൾ ഉണ്ട്.

1. വ്യക്തിഗത വിദ്യാഭ്യാസ വിവര സമർപ്പണം.
2. കോളേജ്/കോഴ്സ് ഓപ്ഷൻ സമർപ്പിക്കൽ

**ഒന്നാം ഘട്ടം ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ**

**ഒന്നാം ഘട്ടം ഓൺലൈൻ അപേക്ഷയുടെ സ്റ്റെപ്പ് 1 സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക. 2013-2014 ലും 2014-2015 ലും +2 പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള കേരള HSE/VHSE വിദ്യാർത്ഥികളുടെ ലഭ്യമായ വിവരം സ്ക്രീനിൽ കാണാവുന്നതാണ്. മറ്റ് വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.**

1. ജനന തീയതി : എസ്.എസ്.എൽ.സി. യുടെ കോപ്പി.
2. മൊബൈൽ നമ്പർ : അപേക്ഷകന്റേയോ/അപേക്ഷകന്റെ മാതാപിതാക്കളുടേയോ/ രക്ഷകർത്താവിന്റേയോ മാത്രം സമർപ്പിക്കുക. (ഒരു കാരണവശാലും ഇന്റർനെറ്റ് കഫേയുടേയോ അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റ് ഏജൻസികളുടേയോ മൊബൈൽ നമ്പർ നൽകരുത്).
3. ഇ-മെയിൽ : അപേക്ഷകന്റേയോ/അപേക്ഷകന്റെ മാതാപിതാക്കളുടേയോ/ രക്ഷകർത്താവിന്റേയോ മാത്രം സമർപ്പിക്കുക. (ഒരു കാരണവശാലും ഇന്റർനെറ്റ് കഫേയുടേയോ അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള ട്ടുള്ള മറ്റ് ഏജൻസികളുടേയോ, ഇ-മെയിൽ ഐഡി നൽകരുത്. ഇ-മെയിൽ ഇല്ലാത്തവർ ഒരു ഇ-മെയിൽ ഐഡി ഉണ്ടാക്കുക).

4. അപേക്ഷാഫീസ് : **ജനറൽ കാറ്റഗറി** വിദ്യാർത്ഥികൾക്ക് രൂപ **250/-**

**എസ് സി/എസ് ടി** വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രൂപ **100/-**

**ഒന്നാം ഘട്ടം സ്റ്റെപ്പ് 1: ഫീസ് പേയ്മെന്റ് പ്രക്രിയ.**

**ഫീസ് അടയ്ക്കുന്നതിനെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിക്കുക.**

1. യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക വെബ്ബ് സൈറ്റിൽ നിന്നും(www.universityofcalicut.info) **Instant Web Payment System(CUIWPS)** - ക്ലിക്ക് ചെയ്യുക, അഥവാ
2. അഡ്മിഷൻ വെബ്ബ് സൈറ്റിൽ (www.cuonline.ac.in) നിന്നും Online Registration - > Fee Remittance ക്ലിക്ക് ചെയ്യുക, അഥവാ
3. https://www.uoc.ac.in സന്ദർശിക്കുക.
4. ക്ലിക്ക് - Instant Pay – select purpose UGSW15 – Centralised Admission Process - Degree 2015 – Application Fee.
5. ഒഴിഞ്ഞ കോളങ്ങളിൽ പ്രസക്ത വിവരങ്ങൾ സമർപ്പിക്കുക . (മൊബൈൽ നമ്പർ & ഇ-മെയിൽ എന്നിവ അപേക്ഷകന്റേയോ/രക്ഷാകർത്താവിന്റേയോ, മാത്രം രേഖപ്പെടുത്തുക.)
6. ഫീസ് അടയ്ക്കാൻ ഉദ്ദേശിക്കുന്ന വിധം രേഖപ്പെടുത്തുക.

**കേരളത്തിലെ അപേക്ഷകർക്ക് താഴെ പറയുന്ന വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ്.**

a) എസ്.ബി.ടി ഓൺലൈൻ പേയ്മെന്റ് (ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യമുള്ളവർക്ക് മാത്രം)

b) ഇ-ചെലാൻ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ)

**കേരളത്തിന് പുറത്തുനിന്നുള്ളവർ**

i) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യമുള്ളവർക്ക് മാത്രം)

ii) ഇ-ചെലാൻ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ)

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഓൺലൈൻ പേയ്മെന്റ് തെരഞ്ഞെടുക്കുന്നവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

a) എസ്.ബി.ടി ഓൺലൈൻ പേയ്മെന്റ് (ഇന്റർനെറ്റ് പേയ്മെന്റ് സൈറ്റിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഫീസ് അടയ്ക്കുക.)

b) ഫീസ് അടച്ച ഉടനെ തന്നെ റെജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്ക് CAP ID നമ്പർ, പാസ് വേർഡ് എന്നിവ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

c) ഫീസ് അടച്ചതിന്റെ രശീത് പ്രിന്റ് എടുത്ത് സൂക്ഷിക്കുക.

**എസ്.എം.എസ്. ലഭിച്ച ഉടനെ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്.**

ഇ-ചെലാൻ പേയ്മെന്റ് രീതി തെരഞ്ഞെടുത്തവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

**ഇ-ചെലാൻ പ്രിന്റ് എടുക്കുക.**

എസ്.ബി.ടി ഇ-ചെലാൻ തെരഞ്ഞെടുത്തവർക്ക് ഇ-ചെലാൻ എടുത്തതിന് 3 മണിക്കൂറിന് ശേഷം പണം ഏതെങ്കിലും അടുത്തുള്ള എസ്.ബി.ടി ശാഖയിൽ അടക്കാവുന്നതാണ്. പണം അടച്ച് 24 മണിക്കൂറിനുള്ളിൽ ഒരു എസ്.എം.എസ്. ലഭിക്കും. പ്രസ്തുത എസ്.എം.എസ്സിൽ CAP ID No. & Password ലഭ്യമായിരിക്കും. ഇതിനുശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**സ്റ്റെപ്പ് 1: ഫീസ് പേയ്മെന്റ് പ്രക്രിയ അവസാനിച്ചു**

CAP ID യും പാസ്സ് വേർഡും ലഭിച്ചാൽ രജിസ്ട്രേഷൻ പൂർത്തിയാവുന്നില്ല. **ഒന്നാം ഘട്ടം ഓൺലൈൻ അപേക്ഷയുടെ സ്റ്റെപ്പ് 2 ഉം, 3 ഉം പൂരിപ്പിച്ച് സമർപ്പിച്ചാൽ മാത്രമേ അപേക്ഷ പൂർണ്ണമാവുകയുള്ളൂ.**

**ഇ-ചെലാൻ നഷ്ടപ്പെടുക, online payment രശീത് നഷ്ടപ്പെടുക, SMS നഷ്ടപ്പെടുക, ലഭിക്കാതിരിക്കുക എന്നീ ഘട്ടങ്ങളിൽ www.uoc.ac.in എന്ന സൈറ്റിൽ താഴെ കൊടുത്തിട്ടുള്ള Reprint/Get sms ക്ലിക്ക് ചെയ്യുക.**

**ഒന്നാം ഘട്ടം ഓൺലൈൻ അപേക്ഷയുടെ സ്റ്റെപ്പ് 2 ,3 സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക.**

1. CAP ID ഐഡി നമ്പർ, പാസ് വേർഡ് (മൊബൈലിൽ ലഭിച്ചത്)
2. എസ്.എസ്.എൽ.സി യുടെ കോപ്പി.
3. 40 kb യിൽ താഴെയുള്ള jpg ഫോർമാറ്റിലുള്ള പാസ്പ്പോർട്ട് സൈസ് ഫോട്ടോ.
4. ബി.പി.എൽ വിഭാഗത്തിൽ അപേക്ഷിക്കുന്ന മുന്നോക്ക സമുദായക്കാർ വരുമാന സർട്ടിഫിക്കറ്റ് തയ്യാറാക്കി വെക്കേണ്ടതാണ്.

**ഓൺലൈൻ റെജിസ്ട്രേഷൻ നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക.**

**www.cuonline.ac.in എന്ന വെബ്ബ്സൈറ്റിൽ നിന്നും Online Registration - > Registration ക്ലിക്ക് ചെയ്യുക, വഴി CAP ൽ പ്രവേശിക്കുക.**

**ഒന്നാം ഘട്ടം സ്റ്റെപ്പ് 2 : ഫോട്ടോ അപ്പ് ലോഡ് ചെയ്യുക.**

**ഒന്നാം ഘട്ടം സ്റ്റെപ്പ് 3 : വ്യക്തിഗത വിവര സമർപ്പണം.**

**2013-2014 ലും 2014-2015 ലും +2 പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള കേരള HSE/VHSE വിദ്യാർത്ഥികളുടെ ലഭ്യമായ വിവരം സ്ക്രീനിൽ കാണാവുന്നതാണ്. മറ്റു വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.**

**പ്രാഥമിക രജിസ്ട്രേഷനിൽ** ഒഴിഞ്ഞ കോളങ്ങളിൽ പ്രസക്ത വിവരങ്ങൾ സമർപ്പിക്കുക.

1. ഫോൺ നമ്പർ രേഖപ്പെടുത്തുക
2. ഇ-മെയിൽ ഐ.ഡി രേഖപ്പെടുത്തുക.

**വ്യക്തിഗത വിവരങ്ങൾ**

1. സംവരണ വിഭാഗക്കാർ യഥാർത്ഥത്തിൽ അർഹതപ്പെട്ടത് മാത്രം നൽകുക, അല്ലാത്തപക്ഷം പ്രവേശനം നിരസിക്കുന്നതായിരിക്കും.
2. ബി.പി.എൽ വിഭാഗക്കാർ കോർപ്പറേഷൻ/മുൻസിപ്പൽ/പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ ഉത്തരവ് നമ്പർ, തിയ്യതി, സർട്ടിഫിക്കറ്റ് നല്കിയ അധികാരി എന്നിവ രേഖപ്പെടുത്തുക. പ്രസ്തുത സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് കോളേജിൽ സമർപ്പിക്കേണ്ടതാണ്.
3. മതം, സംവരണ വിഭാഗം, ജാതി എന്നിവ കൃത്യമായി രേഖപ്പെടുത്തുക. ഏതെങ്കിലും മതം, സംവരണ വിഭാഗം, ജാതി രേഖപ്പെടുത്തുന്നതിന് ലഭ്യമല്ലെങ്കിൽ ആയത് cac@uoc.ac.in എന്ന ഇ-മെയിലിലേക്ക് S.S.L.C. ബുക്കിന്റെ പ്രസക്ത പേജ് സഹിതം അയച്ചാൽ ഉൾപ്പെടുത്തുന്നതാണ്. പ്രസ്തുത കാര്യം പരിഹരിച്ചതിന് ശേഷം മാത്രം രജിസ്ട്രേഷൻ ആരംഭിക്കുക.

**വെയ്റ്റേജ് കാറ്റഗറി**

1. പ്രോസ്പെക്ടസിലെ വെയ്റ്റേജ് കാറ്റഗറി ലിസ്റ്റ് വായിച്ച് മനസ്സിലാക്കുക.
2. അവരവർക്ക് അർഹമായ വെയ്റ്റേജ് കാറ്റഗറി മാത്രം രേഖപ്പെടുത്തുക.
3. എൻ.സി.സി. സർട്ടിഫിക്കറ്റ് (എ & ബി) +2 തലത്തിൽ ലഭിച്ചതാണെങ്കിൽ മാത്രം സമർപ്പിക്കുക. അല്ലാത്തപക്ഷം അഡ്മിഷൻ നിരസിക്കുന്നതായിരിക്കും.

**ഒന്നാം ഘട്ടത്തിൽ സ്റ്റെപ്പ് 3 ൽ** ഇതുവരെ സമർപ്പിച്ച വിവരങ്ങൾ ഇപ്പോൾ എഡിറ്റ് ചെയ്യാവുന്നതാണ്. എഡിറ്റ് ചെയ്തതിന് ശേഷമോ അല്ലാതെയോ അടുത്ത സ്റ്റേജിലേക്ക് പോകുന്നതിനായി **"SAVE AND PROCEED"** ക്ലിക്ക് ചെയ്യുക.

**2013-2014 ലും 2014-2015 ലും +2 പരീക്ഷക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള കേരള HSE/VHSE വിദ്യാർത്ഥികൾക്ക് എഡിറ്റ് സൗകര്യം ലഭ്യമായിരിക്കില്ല. പ്രസ്തുത വിദ്യാർത്ഥികളുടെ**

**വിശദാംശങ്ങൾ നേരിട്ട് ശേഖരിച്ചതിനാൽ, ഏതെങ്കിലും വിധത്തിലുള്ള തെറ്റുകൾ തിരുത്തുന്നതിന് മുമ്പായി HSE/VHSE ബോർഡുകളിൽ നിന്നും തിരുത്തിക്കേണ്ടതാണ്.**

അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രിന്റൗട്ട് ഉൾപ്പെടെ ഒരു രേഖയും യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല. അപേക്ഷയും ഓൺലൈൻ പേയ്മെന്റ് രശീത്/ചെലാൻ രശീതിന്റെ കോപ്പി എന്നിവ അഡ്മിഷൻ എടുക്കുന്ന കോളേജിൽ സമർപ്പിക്കേണ്ടതാണ്.

**<u>പ്രത്യേക ശ്രദ്ധക്ക്</u>**

- രജിസ്ട്രേഷൻ വേളയിൽ ഏതെങ്കിലും സ്റ്റേജിൽ പിന്നീട് തുടരാം എന്ന് ഉദ്ദേശിക്കുന്ന പക്ഷം Logout ചെയ്യുക.
- രജിസ്ട്രേഷൻ വേളയിൽ ഒരു കാരണവശാലും ബാക്ക് ബട്ടൺ ഉപയോഗിക്കരുത്.
- രജിസ്ട്രേഷന് ഉപയോഗിക്കുന്ന കംപ്യൂട്ടർ I.P. അഡ്രസ്സ് യൂണിവേഴ്സിറ്റി ശേഖരിക്കുന്നതും, കുറ്റകരമായ ക്രമക്കേടുകൾ ബോധപൂർവ്വം വരുത്തുന്നത് സൈബർ നിയമപ്രകാരം ശിക്ഷാർഹവുമാണ്.
- ഏതെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് കുറ്റകരവും, അഡ്മിഷൻ റദ്ദ് ചെയ്യുന്നതിന് കാരണമാവുകയും ചെയ്യുന്നതാണ്. സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്.

**രണ്ടാം ഘട്ടം ഓൺലൈൻ രജിസ്ട്രേഷൻ HSE/VHSE/CBSE പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രമേ ആരംഭിക്കുകയുള്ളു.**

## രണ്ടാം ഘട്ടം ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.